# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6424 | 03.04.2018-ലെ മറുപടി

## ജലസ്രോതസ്സുകൾ മലിനമാക്കിയാലുള്ള ശിക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>,, വി.ആർ. സുനിൽ കുമാർ<br>ശ്രീമതി സി.കെ. ആശ | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ നാല്പത്തിനാല് നദികളിൽ മുപ്പത്തിയൊൻപതും മലിനമാണെന്ന ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) കേരളത്തിലെ നദികളിലെ ജലഗുണ മേന്മയെക്കുറിച്ചുള്ള ഒരു പഠനം കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലും കോഴിക്കോട് ആസ്ഥാനമാ യുള്ള ജലവിഭവ വികസന വിനിയോഗ കേന്ദ്രവും (സി.ഡബ്ല്യു.ആർ.ഡി.എം.) സംയുക്തമായി നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിന്റെ റിപ്പോർട്ട് 9 ഭാഗങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) നദികളിൽ ജൈവ അവശിഷ്ടങ്ങൾ, ടോയ്‌ലറ്റ് മാലിന്യം, മറ്റ് മാലിന്യങ്ങൾ എന്നിവ തള്ളുന്നത് മൂലം സൈനോടോക്സിൻസ് എന്ന വിഷവസ്തു ഉല്പാദിപ്പിക്കപ്പെടുന്നതും ആയത് നാഡീരോഗങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) നദീജലത്തിൽ സൈനോടോക്സിൻസ് കലർന്നിട്ടുണ്ട് എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ നദികളിലും ജലാശയങ്ങളിലും മാരകവിഷം അടങ്ങിയ സൈനോബാക്ടീരിയ നിറഞ്ഞ് കടുംപച്ചയായിരിക്കുന്നത് മൂലം രൂക്ഷമായ ദുർഗന്ധവും മത്സ്യങ്ങൾ ചത്തു പൊങ്ങുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) ചാലക്കുടിപുഴയിൽ സൈനോബാക്ടീരി യായുടെ സാന്നിദ്ധ്യം സിഡബ്ല്യൂആർ ഡിഎം(CWRDM) കണ്ടെത്തി യിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) ജലസ്രോതസ്സുകൾ മലിനമാക്കിയാലുള്ള ശിക്ഷ എന്തൊക്കെയാണെന്നറിയിക്കുമോ; | (ഡി) കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്-2003 പ്രകാരമുള്ള നടപടികളാണ് |

ജലസേചന വകുപ്പ് സ്വീകരിക്കുന്നത്. ടി നിയമത്തിലെ സെക്ഷൻ 37-ൽ ഉപസെക്ഷൻ (4) കൂട്ടിച്ചേർത്ത് ഓർഡിനൻസായി സംസ്ഥാന ഗവർണർ അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ജലം മലിനമാക്കുന്നവർ ക്കെതിരെയുള്ള ശിക്ഷാ നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. പരമാവധി 3 വർഷത്തിൽ കൂടാത്ത തടവും ഒപ്പം പരമാവധി രണ്ട് ലക്ഷം രൂപ പിഴയും വിധിക്കാവുന്ന തരത്തിലാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. ക്രിമിനൽ പ്രൊസീജിയർ കോഡ് അനുസരിച്ചുള്ള ശിക്ഷാ നടപടികൾ നിർവ്വഹിക്കേണ്ടത് ഫസ്റ്റ് ക്ലാസ് ജ്യൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയാണ്.

ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ കേന്ദ്ര സർക്കാരിന്റെ ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1974-പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾക്ക് കോടതികൾ (ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിലോ മറ്റ് ഉയർന്ന കോടതികളിലോ) മുഖേന കേസ്സെടുത്ത് ആയതിൽ വിധിവരുമ്പോൾ ശിക്ഷാ നടപടികൾ പ്രാവർത്തികമാക്കുവാൻ സാധിക്കുന്നു. ജലമലിനീകരണത്തിന് കാരണമായിട്ടുള്ളവർക്ക് ജലനിയമപ്രകാരം ഒന്നര വർഷം മുതൽ പരമാവധി ഏഴ് വർഷം വരെ ശിക്ഷനൽകാനുള്ള വകുപ്പുകളുണ്ട്. ഇതോടൊപ്പം ഫൈനും കോടതി വഴി ഈടാക്കാവുന്നതാണ്. ഇത് കാലതാമസം ഉണ്ടാക്കുന്നുവെന്നതിനാൽ നിലവിൽ അടിയന്തിരമായി മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ അട

ച്ചുപൂട്ടൽ നടപടി സ്വീകരിക്കുന്നതിന് ജലനിയമത്തിലെ സെക്ഷൻ 33-എ പ്രകാരം സാധിക്കുന്നതിനാൽ നില വിൽ അത്യാവശ്യമെന്ന് കണ്ടാൽ അട ച്ചുപൂട്ടലിനുള്ള നടപടികൾ സ്വീകരി ക്കാറുണ്ട്.

ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയ ങ്ങൾ, വലിയഹോട്ടലുകൾ, റിസോർട്ടു കൾ, ഹൗസ് ബോട്ടുകൾ എന്നിവിടങ്ങ ളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യ ങ്ങൾ ജലമലിനീകരണത്തിന് കാരണ മാകും. ഈ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധി യിൽ കൊണ്ടു വന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാന ങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു.

(ഇ) ഇത്തരത്തിൽ ഒരു വലിയ ജലദുരന്തത്തിൽ നിന്ന് സംസ്ഥാനത്തെ നദികളെ രക്ഷിക്കുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കുമോ? (ഇ)

നദികളും, തടാകങ്ങളും മറ്റ് ജലസ്രോതസ്സുകളും മാലിന്യ മുക്തമാക്കുന്നതിന് സർക്കാർ/സർക്കാരിതര ഏജൻസികളും പൊതു ജനങ്ങളും ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ് അനിവാര്യം. നദികളിലെ നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

നീർത്തടാടിസ്ഥാനത്തിലുള്ള ആസൂ ത്രണവും ജലസംരക്ഷണവും നിർവ്വഹിക്കാൻ കഴിഞ്ഞാൽ നീരൊഴുക്ക് വർദ്ധിപ്പിക്കാൻ സാധിക്കും. എന്നാൽ, മഴയുടെ ലഭ്യതയിലുണ്ടാകുന്ന സ്ഥല-കാല വ്യതിയാനം കേരളത്തിലെ നദികളിലെ നീരൊഴുക്കിനെ ബാധിക്കുന്നുണ്ട്. ഒപ്പം, ഓരുജലക്കയറ്റവും പ്രധാന പ്രശ്നമായി മാറുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള പ്രവർത്തനമാണ് ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസംരക്ഷണം/ ജലസമൃദ്ധി' ലക്ഷ്യ മിടുന്നത്. നദികളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനും, മാലിന്യ മുക്തമാക്കുന്നതിനും ഹരിതകേരളം രണ്ടാം ഘട്ടം ലക്ഷ്യമിടുന്നു. ഇതോടൊപ്പം, നദികളിലെ നീരൊഴുക്ക് നില നിർത്തുന്നതിനും ഓരുവെള്ളക്കയറ്റം തടയുന്നതിനുമായി തടയണകളും റെഗുലേറ്ററുകളും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**